# വാക്കുകൾ ഇമ്പമുള്ളതാകട്ടെ

## സദൃശ്യവാക്യങ്ങൾ 15:1

''മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു. കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു.''

ഒരു ദൈവപൈതൽ എപ്പോഴും ശാന്തമാനസൻ ആയിരിക്കണം. കഠിനഹൃദയമുള്ള മനുഷ്യനിൽ നിന്നും പലപ്പോഴും കഠിനവാക്ക് പുറപ്പെടുന്നു. അത് മറ്റുള്ളവരുടെ കോപത്തെ ആളിക്കത്തുവാൻ ഇടയാക്കാറുണ്ട്. സദൃശ്യവാക്യത്തിൽ (സദൃ.12:18) ഇപ്രകാരം പറയുന്നു 'വാളുകൊണ്ടു കുത്തുംപോലെ മൂർച്ചയായി സംസാരിക്കുന്നവർ ഉണ്ട്. എന്നാൽ ജ്ഞാനികളുടെ നാവോ സുഖപ്രദം'. നാവ് മൂർച്ചയേറിയ ഒരു ആയുധമാണ്. അതിനാൽ നാവുകൊണ്ട് മറ്റുള്ളവരെ മുറിപ്പെടുത്താനും കഴിയും. പെട്ടന്നുണ്ടായ കോപത്തിൽ ഉളവായ വാക്കുകൾ യുദ്ധങ്ങൾക്കുപോലും അടിസ്ഥാനമായിട്ടുണ്ട്. വാക്ക് അടക്കി വയ്ക്കുന്നവൻ പരിജ്ഞാനമുള്ളവൻ, ശാന്തമാനസൻ ബുദ്ധിമാൻ തന്നെ (സദൃ. 17:27).

നമുക്കു ചുറ്റും നമ്മെ പ്രകോപിപ്പിക്കുന്നതായ അനേകം അവസരങ്ങൾ ഉണ്ടാകാറുണ്ട്. 'നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ തന്റെ വഴികളെ സൂക്ഷിക്കുമെന്നും, ദുഷ്ടൻ തന്റെ മുന്നിൽ ഇരിക്കുമ്പോൾ തന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും' സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീ. 39:1). ദൈവമക്കളായ നാം ഓർക്കേണ്ടതായ ഒരു കാര്യം ഇതാണ്, ഇപ്രകാരം പ്രകോപനങ്ങൾ ഉണ്ടായാൽ പോലും മറ്റുള്ളവരോട് ജ്ഞാനത്തോടെ പെരുമാറുവാൻ ദൈവം നമുക്ക് കൃപ നൽകിയിട്ടുണ്ട്. അപ്പോസ്തോലനായ പൗലോസ് കൊലോസ്യരെ ഉപദേശിക്കുന്നത്, ഓരോരുത്തനോട് നിങ്ങൾ എങ്ങനെ ഉത്തരം പറയണം എന്ന് അറിയേണ്ടതിന് 'നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമായിരിക്കട്ടെ' എന്നുമാണ് (കൊലൊ. 4:6).

ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെയുള്ള രീതികളൊന്നും ദൈവത്തിന്റെ പ്രിയമക്കൾക്കു ചേർന്നതല്ല. സ്തോത്രം അത്രേ നമ്മിൽനിന്നും ഉയരേണ്ടതെന്ന് അപ്പോസ്തോലൻ എഫെസ്യർക്കൊപ്പം നമ്മോടും ഉപദേശിക്കുന്നതാണ് (എഫെ. 5:4). ഇമ്പമുള്ള വാക്ക് തേൻകട്ടയ്ക്ക് തുല്യമായതിനാൽ അത് മനസ്സിന് മധുരവും, അസ്ഥികൾക്ക് ഔഷധവും ആകുന്നു (സദൃശ്യ. 16:24). തക്ക സമയത്തു പറയുന്ന വാക്ക് വെള്ളിത്താലത്തിലെ പൊൻ നാരങ്ങ പോലെയാണ്. നല്ല വാക്കുകളാൽ നമുക്ക് മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയണം. അപ്രകാരം നാം ചെയ്യുമ്പോൾ നമ്മുടെ വായിലെ വാക്കുകൾ ദൈവത്തിന് പ്രസാദകരമായിത്തീരും.

പരാമർശം :

കൊലൊസ്സ്യർ 4:6

ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിന്നു നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ.

സിസ്റ്റർ ലീന ഈപ്പൻ കല്ലൂപ്പാറ 003